# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5998** — **07-07-2014 ൽ മറുപടിയ്ക്ക്**

## നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ 2010 -ൽ ഉണ്ടായിരുന്നതിനെക്കാൾ കുറവ് വന്നിട്ടുണ്ടോ; | (എ) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ 2010 -ൽ ഉണ്ടായിരുന്നതിനേക്കാൾ കുറവ് വന്നിട്ടുണ്ട്. 2010-2011 ൽ വിസ്തീർണ്ണം 213187 ഹെക്ടർ ആയിരുന്നത് 2011-2012 ആയപ്പോഴേക്കും 208160 ഹെക്ടർ ആയും 2012-2013 ൽ 197274 ഹെക്ടർ ആയും കുറയുകയുണ്ടായി. |
| (ബി) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷിയിലേക്ക് യുവജനങ്ങളെ തൽപ്പരരാക്കുന്നതിനും വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായി ക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും, നെല്ലിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും സാധിച്ചു. 2011-2012 വർഷം 14 ജില്ലകളിലു മായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശു നില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. 2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുകയുണ്ടായി. 2013-2014 വർഷം 1903.95 ഹെക്ടർ തരിശു നിലങ്ങളിൽ പദ്ധതി നടപ്പിലാക്കുക യുണ്ടായി. ഇത്തരത്തിൽ കഴിഞ്ഞ 3 വർഷ കാലയളവി നുള്ളിൽ 6684 ഹെക്ടർ തരിശുഭൂമി കൃഷി യോഗ്യമാക്കാൻ സാധിക്കുകയുണ്ടായി. ഇതിനും പുറമെ കൃഷിവകുപ്പ് വിവിധ നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതികളിലെല്ലാം തന്നെ യുവജനങ്ങളെ നെൽകൃഷിയിലേക്ക് തൽപ്പരരാക്കുന്ന തരത്തി ലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘങ്ങൾ, ഭൂരഹിത കർഷകർ, കർഷക ഗ്രൂപ്പുകൾ, യൂത്ത് ക്ലബുകൾ എന്നിവർ കൂടാതെ കൃഷി ചെയ്യാൻ താൽപര്യമുള്ള എല്ലാവർക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകിയാണ് നടപ്പിലാക്കുന്നത്. |

2014-2015 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി -സുസ്ഥിര നെൽകൃഷി വികസനം-180000 ഹെക്ടറിലേയ്ക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി നാളിതുവരെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനും പുറമെ 2014-2015 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 232.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ